# CAREER Updates
# പത്രവൃത്താന്തം

**31.07.2024 (ബുധൻ)**



- ➪ യൂണിയൻ പബ്ലിക് സർവീസ് കമ്മിഷന്റെ പുതിയ ചെയർപേഴ്സൺ ആയി അടുത്തിടെ നിയമിതയായത്
- ✔ പ്രീതി സുദൻ
- 1983 ബാച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥയായ പ്രീതി സുദൻ മുമ്പ് കേന്ദ്ര ആരോഗ്യ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. യു.പി.എസ്.സി. ചെയർപേഴ്സൺ ആയുള്ള ഇവരുടെ കാലാവധി 2025 ഏപ്രിൽ വരെയാണ്.
- 2029 വരെ കാലാവധിയുണ്ടായിരുന്ന മനോജ് സോണി വ്യക്തിപരമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി യു.പി.എസ്.സി. ചെയർമാൻ സ്ഥാനത്തുനിന്നും രാജി വച്ചതോടെയാണ് പ്രീതി സുദൻ ഈ സ്ഥാനത്ത് നിയമിക്കപ്പെട്ടത്.

- ➪ 2024-ലെ പാരീസ് ഒളിമ്പിക്സിൽ 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീമിനത്തിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ സഖ്യം
- ✔ മനു ഭാക്കർ-സരബ്ജോത് സിംഗ് സഖ്യം
- ഒരു ഒളിമ്പിക്സിൽ രണ്ട് മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ വനിതയാണ് മനു ഭാക്കർ. 2024-ലെ പാരീസ് ഒളിമ്പിക്സിൽ 10 മീറ്റർ എയർ പിസ്റ്റൾ വനിതാ വിഭാഗത്തിലും മനു ഭാക്കർ വെങ്കല മെഡൽ നേടിയിരുന്നു.
- ➪ ഒളിമ്പിക്സിന്റെ പ്രീ ക്വാർട്ടർ ഫൈനലിലെത്തുന്ന ആദ്യത്തെ ഇന്ത്യൻ ടേബിൾ ടെന്നീസ് താരം
- ✔ മണിക ബത്ര
- ➪ ഡോ. സുകുമാർ അഴീക്കോട് സ്മാരക ദേശീയ ട്രസ്റ്റ് ഏർപ്പെടുത്തിയ പുരസ്കാരത്തിന് 2024 ജൂലൈയിൽ അർഹനായ മലയാള സാഹിത്യകാരൻ
- ✔ ടി. പത്മനാഭൻ
- ➪ ഇന്ത്യയിൽ ഉരുൾപൊട്ടൽ ദുരന്തമുണ്ടാകുന്ന 19 സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം
- ✔ 6
- ➪ രാജ്യാന്തര വിമാന സർവീസുകളിൽ സൗജന്യ വൈഫൈ സേവനം ലഭ്യമാക്കുന്ന ആദ്യത്തെ ഇന്ത്യൻ കമ്പനി
- ✔ വിസ്താര
- ➪ 2024 ജൂലൈയിൽ അവതരിപ്പിക്കപ്പെട്ട, 360 ഡിഗ്രിയിൽ ഏത് ദിശയിലേക്കും വെള്ളം പമ്പ് ചെയ്യാൻ കഴിയുന്ന അഗ്നിരക്ഷാ സേനയുടെ റോബോട്ട്
- ✔ റോബോട്ടിക് ഫയർ ഫൈറ്റർ
- ➪ 2024 ജൂലൈയിൽ ഇറാന്റെ പുതിയ പ്രസിഡന്റ് ആയി ചുമതലയേറ്റത്
- ✔ മസൂദ് പെസഷ്ക്യൻ
- ➪ സൈനിക സേവനം കഴിഞ്ഞെത്തുന്ന അഗ്നിവീറുകൾക്ക് പോലീസിൽ സംവരണം നൽകുമെന്ന് പ്രഖ്യാപിച്ച ഇന്ത്യൻ സംസ്ഥാനം
- ✔ രാജസ്ഥാൻ
- ➪ നിലവിൽ സൗരയൂഥത്തിലെ ഗ്രഹമല്ലാത്ത പ്ലൂട്ടോയെ സംസ്ഥാന ഗ്രഹമായി പ്രഖ്യാപിച്ച അമേരിക്കൻ സംസ്ഥാനം
- ✔ അരിസോണ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999